# നെന്മാണിക്യം

(നോവൽ–20)

ജോൺ ഇളമത

ഏലിയാസ് ആറ്റിൽചാടി ചത്തു. വാർത്ത ഗ്രാമത്തെ ഭയത്തിലാഴ്ത്തി.

ദുർമ്മരണം! തെയ്യാ തലതല്ലിക്കരഞ്ഞു. അച്ചാരമ്മ നിർവ്വികാരയായി.ശവം പരുത്തിക്കാട്ടിലടിഞ്ഞു. പോലീസു വന്നു മഹസർ തയ്യാറാക്കി. ആത്മഹത്യ!

കുഞ്ഞുവറീതിന് ദുഃഖമുണ്ടായിരുന്നു. അവനെ കാണാതായിട്ട് മൂന്നു ദിനങ്ങൾ ആയിരുന്നു. മരിക്കുന്നതിനു മുമ്പ് കുണ്ടുണ്ണിനായർ ഉൾപ്പെടെയുള്ള ശിങ്കടികൾ അവനെ പീഡിപ്പിച്ചിരുന്നു.



ഏലിയാസ് അഭിമാനിയായിരുന്നു. എത്രതന്നെ ചോദ്യം ചെയ്തിട്ടും അവൻ ആണയിട്ടു പറഞ്ഞു:

ഞാൻ നെന്മാണിക്യം എടുത്തിട്ടില്ല. അതേപ്പറി ഒരറിവുമില്ല.

കുണ്ടുണ്ണിനായർ ആക്രോശിച്ചു. നിന്നെക്കൊണ്ട് സത്യം പറയിക്കാമോ എന്നൊന്നു നോക്കട്ടെ

നായർ ആശ്രിതരോട് കല്പിച്ചു. മുക്കാലിൽ കെട്ടി അടിക്കാൻ മുഴുവൻ സത്യം പറയുംവരെ.

ഏലിയാസ് ചാട്ടവാറടികൊണ്ടു പുളഞ്ഞു. സത്യം അവന്റെ വായിൽനിന്ന് പലകുറി പുറത്തേക്കു വന്നു. ഇല്ല. ഇല്ല. ഞാനെടുത്തിട്ടില്ല. എനിക്കൊന്നുമറിയാൻ മേലേ?

ഒടുവിൽ അവനെ ഒരു പട്ടിയെപ്പോലെ അഴിച്ചുവിട്ടു. അന്നു കാണാതായതാണ് അവനെ.

ഏലിയാസിന്റെ രണ്ടാംമുണ്ടും മുറുക്കാൻപൊതിയും കരയ്ക്കു വലിച്ചുകയറ്റിയ ചെറുവള്ളവും ആറിന്റെ മദ്ധ്യത്തിലുള്ള തുരുത്തിൽ കണ്ടെത്തി.

കറുത്ത മുത്ത് കുടിലുകെട്ടി പാർക്കുന്ന ഒരു തുരുത്തിന്റെ തെക്കുഭാഗത്ത് പാറക്കെട്ടുകൾക്കരികിൽ ഒരു വലിയ ചുഴിയുണ്ട്. അവിടെയാണ് ഏലിയാസ് ചാടി ആത്മഹത്യചെയ്തതെന്ന് വെളിപ്പെട്ടു. ചാടുമ്പോൾ തല പാറയിൽ തട്ടി പൊട്ടിയ പാടുകളുണ്ടായിരുന്നു. തലയ്ക്ക് ക്ഷതമേറ്റ ഏലിയാസ് ചുഴിയിൽ താണുകറങ്ങി. രണ്ടാംപക്കം പരുത്തിക്കാട്ടിൽ പൊങ്ങിയിരിക്കണം എന്ന നിഗമനമാണ് പോലീസുകാർക്കും.

പിന്നെയും മരണങ്ങളുണ്ടായി. കണ്ടൻകോരൻ. അവനെ കൂരയിൽ ഒതളങ്ങതിന്ന് വിഷമേറ്റു മരിച്ചനിലയിൽ കണ്ടെത്തി.

മുക്കാലിൽകെട്ടി അടികൊണ്ടവരും മറ്റു പലതരത്തിൽ പീഡിപ്പിക്കപ്പെട്ടവരം ഗ്രാമംവിട്ട് പലവഴി പലായനം ചെയ്തു.

പോലീസ് കേസും മുറയ്ക്ക് നടന്നു. തീനും കുടിയുമായി കുണ്ടുണ്ണിനായർ, കുഞ്ഞുവറീതിന്റെ ചെലവിൽ അവരെ സത്കരിച്ചു. ചോദ്യം ചെയ്യൽ മുറപോലെ നടന്നു. കേസിനാസ്പദമായ ഒരു തെളിവും കിട്ടിയില്ല. പണം പോയതും മാനംപോയതുമല്ലാതെ. കുഞ്ഞുവറീത് ഐശ്വര്യത്തിന്റെ പടവുകളിറങ്ങി. കണ്ടുണ്ണിനായർ മൂന്നുനേരവും കുഞ്ഞുവറീതിനൊപ്പം ഉണ്ട് ഉപദേശിച്ചുനടന്നു. പുഞ്ചനിലങ്ങൾ വിറ്റു. വിരിപ്പുനിലങ്ങൾ വിറ്റു. തെങ്ങുംതോപ്പുകൾ വിറ്റു. കന്നുകാലിസമ്പത്തു കുറഞ്ഞു. ഉള്ള കന്നുകാലികൾതന്നെ തൊഴുത്തിൽ മെലിഞ്ഞു.

നെന്മാണിക്യം കാണാതാകുംമുമ്പ് ഒരു സംഭവം നടന്നിരുന്നു. ഒരുനാളിൽ ഭാവിഫലം പറയാൻ കഴിയുന്ന ഒരു കാക്കാലത്തി തറവാട്ടിൽ എത്തി.

അവളുടെ തോളിൽ ഒരു തത്തക്കൂടുണ്ടായിരുന്നു. അതിൽ വർത്തമാനം പറയുന്ന ഒരു തത്തയും. മറുതോളിൽ ഒരു മാറാപ്പും.

കാക്കാലത്തി തറവാട്ടുമുറ്റത്തിനപ്പുറം, അടുക്കളയ്ക്കഭിമുഖമായി നിന്ന് ഉറക്കെ വിളിച്ചുപറഞ്ഞു. പ്രാകൃതമായ തമിഴുകൂടിയ മലയാളത്തിൽ: അമ്മാ, ഭാഗ്യമുള്ള അമ്മാ. ഇന്ത വീട്ടിൽ ഭാഗ്യം കുടിയിരിക്കതേ.

അച്ചാരമ്മ അടുക്കളവാതിലിലൂടെ പുറത്തേക്ക് എത്തിനോക്കി.

കാക്കാലത്തി വീണ്ടും വിളിച്ചുപറഞ്ഞു:

അമ്മാ, ഇന്ത വീട്ടുക്കുള്ളേ ലക്ഷ്മിദേവി ഇരിക്കതാ.

ലക്ഷ്മിദേവിയോ?

അച്ചാരമ്മ ചോദിച്ചു:

അതേ അമ്മാ, ഭാഗ്യം ഇരിക്കതാ. ഉള്ളേക്കുള്ളേ ഒരു നിധി ഇരിക്കതാ.

നിധിയോ?

അച്ചാരമ്മയ്ക്ക് ഓർമ്മവന്നു. ഒരുനിധിയുടെ കാര്യം

ആ നിധിയെപ്പറ്റി പറഞ്ഞിട്ടുള്ളത് ചുമ്മാരച്ചന്റെ നടുവത്തെ കെട്ടിച്ചുവിട്ട പെങ്ങൾ ഏലിയാണ്. മഹാആർത്തിക്കാരത്തിയാണ് ഏലി. ബുദ്ധിയില്ലാത്തവളും. ഒരു ദിവസം അസൂയമൂത്തപ്പോൾ ഏലിപെങ്ങളുടെ വായിൽനിന്നറിയാതെ വീണതാണ് പരമരഹസ്യം:

എടി ആച്ചീ, ഈ വീട്ടിലൊരു നിധിയുണ്ട്.

നിധിയോ?

അതേ.

പെങ്ങന്മാരായ ഞങ്ങക്കൂടെ കിട്ടേണ്ടതാണതിന്റെ വീതം.

ചോദിച്ചപ്പം ആങ്ങള കുഞ്ഞുവറീതിന്റെ മറുപടി കേട്ടില്ലേ.

നിങ്ങക്കൊക്കെ വീതം തന്നുകെട്ടിച്ചുവിട്ടതാണ്. അതൊക്കെ ശരിയാ. പക്ഷേ, മൂത്ത ആങ്ങള ചുമ്മാരച്ചൻ മക്കളില്ലാതെ മരിച്ചനിലയ്ക്ക് ആ സ്വത്ത് ഞങ്ങക്കൂടെ അവകാശപ്പെട്ടതാ. തന്നേമല്ല ചുമ്മരച്ചന്റെ പെമ്പള, നാത്തൂനെ ആങ്ങള വന്നു കൂട്ടിക്കൊണ്ടുപോയി. അപ്പോപിന്നെ കുഞ്ഞുവറീത് ആ മൊതലു കൈയടക്കിവെക്കുന്നത് ശരിയാണോ? നീ തന്നെ പറ!

ആണെന്നും അല്ലെന്നും അച്ചാരമ്മ പറഞ്ഞില്ല. എന്നാൽ ഒരു വലിയ രഹസ്യത്തിന്റെ ഉള്ളുകള്ളി അച്ചാരമ്മയ്ക്കു കിട്ടി.

ഏലിപ്പെങ്ങളുടെ ഉള്ളിൽക്കിടന്ന് തെകട്ടി.

എടീ, ഇതു കുഞ്ഞുവറീതിന്റെ പെമ്പള കണ്ട മൊതലൊന്നുമല്ല. ചുമ്മാരച്ചന്റെ അമ്മാവിഅപ്പൻ, അവനു ദാനംകൊടുത്ത മൊതലാ. ചുമ്മാരച്ചന്റെ പെമ്പള ചെറിച്ചി നാത്തൂൻ അതേപ്പറ്റി കമാന്നൊരക്ഷരം ഉരിയാടാതെ അവരടെ വീട്ടിലോട്ടു തിരികെ പോകേംചെയ്തു.

ഇനീം ഇപ്പം അത് മൂന്നു പെങ്ങന്മാർക്കും കുഞ്ഞുവറീതിനും തുല്യമായി വീതം വയ്ക്കണമെന്നാ എന്റെ പിടിവാശി. മറ്റു പെങ്ങമാർക്കു വേണ്ടായെങ്കി അതവരെ കാര്യം. എനിക്കെന്റെ വീതം കിട്ടണം. പകരം പറമ്പോ പാടമോ പണമോ എന്തേലും തന്നാമതി.

ഏലിപ്പെങ്ങൾ ഇടയ്ക്കിടെ വരാറുണ്ട്. കുഞ്ഞുവറീതിനെ ബുദ്ധിമുട്ടിക്കാറുണ്ട്. ചെറിയ ശണ്ഠകഴിഞ്ഞു പോകാറുണ്ട്.

കാക്കാലത്തി വീണ്ടും വിളിച്ചുപറഞ്ഞു:

അമ്മേ, ഉള്ളേക്കുവരട്ടെ.

തൊടലും തീണ്ടലും നിലവിലുള്ളതുകൊണ്ട് കീഴാളവർഗ്ഗങ്ങൾ അനുവാദം കിട്ടിയേ മുറ്റത്തുപോലും പ്രവേശിക്കാറുള്ളു.

അച്ചാരമ്മ ഓർത്തു: നല്ല അവസരം. ആരുമില്ല. അവൾ മൂളി.

നിധിയെപ്പറ്റി കേക്കാനും അതിൻെറഗുണമറിയാനും അച്ചാരമ്മയ്ക്ക് ധൃതിയായി.

കാക്കാലത്തി ഇരുപുറവും നോക്കി. അടുക്കളമുറ്റത്തു കയറി കോലായുടെ ഇറയത്തിരുന്നു.

തത്തക്കൂട് തോളിൽനിന്നെടുത്ത് നിലത്തുവച്ചു: മറുതോളിലെ മാറാപ്പഴിച്ചു മുമ്പിൽ വച്ചു:

അതിൽ നിന്ന് പലതരം ചിഹ്നങ്ങൾ വരച്ച ഓലക്കരണങ്ങൾ പുറത്തെടുത്തു. സൂര്യൻ, തേൾ, മയിൽ, കാക്ക, പൂച്ച, പാമ്പ് എന്നിങ്ങനെ.

അവയെല്ലാം തറയിൽ ചെറിയ പുല്ലുപായ വിരിച്ചുനിരത്തി. തത്തമ്മയെ കൂട്ടിൽനിന്നഴിച്ചുവിട്ടു.

കാക്കാലത്തി ഉറക്കെ നീട്ടിവിളിച്ചു: തത്തമ്മേ, കൊത്തിയെടുക്കു അന്ത പാക്യത്തെ.

തത്തമ്മ ചുണ്ടും വലതുകാലുമുപയോഗിച്ച് ഓലക്കരണങ്ങൾ ഓരോന്നോരോന്നായി തിരഞ്ഞു. ഒടുവിൽ അതിൽനിന്നൊരെണ്ണം തെരഞ്ഞെടുത്ത് കാക്കാലത്തിയുടെ മുമ്പിലേക്ക് ഒരേറ്.

കാക്കാലത്തി അതെടുത്ത് അർത്ഥം പറഞ്ഞു:

സൂര്യൻ! സൂര്യൻ വന്താ സൂര്യനേപ്പാലെ തിളങ്കും. എന്താ അമ്മേ വിസ്വാസം വന്തോ?

അച്ചാരമ്മ വാ പൊളിഞ്ഞു നിന്നു. കാക്കാലത്തി തുടർന്നു:

ഇതുക്കർത്ഥം നിധി ഉള്ളാലെ പൂട്ടുക്കുള്ളേ പൂട്ടിൽ ഇറിക്കതാ. അന്താ നിധിയെ ആരു പാത്താലും അവനുക്ക് സർവ്വ സമ്പത്തും കെടക്കതാ.

അച്ചാരമ്മ അത്ഭുതപ്പെട്ടു.

കണ്ടില്ലേ. ഒന്നുമറിയാത്ത തത്തമ്മ കൊത്തിയെടുത്ത അടയാളം?

ഈ നിധി കയ്യി വച്ചാ എന്തോന്നൊക്കെ കിട്ടും, തെളിച്ചുപറ കാക്കാത്തി.

നീ നിനപ്പതെല്ലാം നിൻകൂടെ വന്തിടും. നിചം!

അച്ചാരമ്മാ അല്പം പരുങ്ങി: ഒന്നുരണ്ട് ആശയൊണ്ട്

എന്താമ്മാ നിൻ മനസ്സുക്കുള്ളേ

എന്നെ പെറ്റ അമ്മയെ ഒന്നു കാണണം. അമ്മേടെകൂടെ കഴിയണം. പിന്നെ ഈ തറവാട്ടുകാരെപ്പോലെ ഒരു സൊഖമായിട്ടും കഴിയണം. വാല്യക്കാരുമായി.

തപ്പു വേണ്ടാ, കടവുളേ, അന്ത നിധി ആരു പാത്താലും അവർ മന്നവരുക്കു മന്നവൻ. നീ പാത്ത ഇന്ത തറവാട്ടിൻ സമ്പത്തു നിൻകൂടെ പോരുമേ. നിൻ ആസയെല്ലാം വന്തുഭവിക്കും. നിൻ അമ്മാവെ കിടയ്ക്കും. വാല്യക്കാരെ കിടയ്ക്കും. നീ മട്ടും ഇന്ത ഉലകത്തിൽ പെരിയ അമ്മയായി വാഴും നിചം!

ഒള്ളതോ! അച്ചാരമ്മയുടെ കണ്ണുകൾ വിടർന്നു. ആശ്ചര്യത്താൽ.

ഇനിയും ആരേലും എത്തുംമുമ്പ് അരനാഴി അരീം അല്പം ഉപ്പും മൊളകും കാക്കൂറ്റി എണ്ണേം കൊടുത്ത് അച്ചാരമ്മ കാക്കാത്തിയെ യാത്രയാക്കി.

അന്നു മുതൽ അച്ചാരമ്മയുടെ മനസ്സിൽ ഒരു ഭൂതം കടന്നുകൂടി.

നിധി!

ഭൂതം കാക്കുന്ന നിധി!

അതെവിടെയാണെന്നു കണ്ടെത്താൻ അവൾക്കു പ്രേരണയായി.

നിസ്സാരമാണോ അറയ്ക്കുള്ളിലെ അറയിൽ ഭദ്രമായി സൂക്ഷിച്ചിരിക്കുന്ന നിധി കണ്ടെത്തൽ?

അടുക്കളയും നെല്ലുകുത്തുപുരയും വള്ളപ്പുരയുടെ പുറകിലുള്ള വിറകുപുരയും പിന്നെ അടുക്കളയോട് ചേർന്ന അവളുടെ ചെറിയ വാടാവുമല്ലാതെ, മറ്റൊരിടവും അവൾക്കു പരിചയമല്ല. ഒട്ട് മറ്റൊരടിത്തേക്കും പോകേണ്ട ആവശ്യവുമില്ല. ഒരാശ്രിതയേക്കാളേറെ സ്വതന്ത്ര്യമുണ്ടെങ്കിൽപോലും.

മനസ്സിൽ നിധിയെപ്പറ്റിയുള്ള ചിന്ത കടന്നുകൂടിയതിൽപ്പിന്നീട് അച്ചാരമ്മയ്ക്ക് ഉറക്കം നഷ്ടപ്പെട്ടു.

(തുടരും...)

**************************************